"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ചെങ്ങന്നൂർ പുലിയൂർ ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റ് ശ്രീമതി. രേഖാ റെജി, മുൻവാർഡ് അംഗം അഡ്വ. പി. ഡി. സന്തോഷ് കുമാർ എന്നിവർ വ്യാജരേഖ ചമച്ച് ജില്ലാ കളക്ടർക്കും ആർ.ഡി.ഒ. യ്ക്കും നൽകിയെന്ന പരാതി - ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുളള ഓംബുഡ്സ്മാന് റഫർ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2014/2024/LSGD തീയതി,തിരുവനന്തപുരം, 22-10-2024

---

പരാമർശം:-

1. ശ്രീ. ഫിലിപ്പ് ജോൺ 09.07.2014 -ൽ സമർപ്പിച്ച പരാതി.
2. കൊല്ലം, റീജിയണൽ പെർഫോർമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ 4.10.2021-.ലെ 15/RPAW2/2021/RPA നമ്പർ റിപ്പോർട്ട്.
3. പഞ്ചായത്ത് ഡയറക്ടറുടെ 12.09.2022 തീയതിയിലെ PAN/14996/2021 J3(DP) നമ്പർ

**<u>ഉത്തരവ്</u>**

ചെങ്ങന്നൂർ പുലിയൂർ ഗ്രാമപഞ്ചായത്ത് മുൻപ്രസിഡന്റ് ശ്രീമതി. രേഖ റെജി, മുൻപഞ്ചായത്ത് അംഗം - അഡ്വ. പി ഡി സന്തോഷ് കുമാർ എന്നിവർക്കെതിരെ പുലിയൂർ ഗ്രാമപഞ്ചായത്ത് മുൻ അംഗമായ ശ്രീ. ഫിലിപ്പ് ജോൺ പരാമർശം - (1) പ്രകാരം പരാതി സമർപ്പിച്ചിരുന്നു. ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക ലെറ്റർ പാഡ്, ഓഫീസ് സീൽ, പഞ്ചായത്ത് സെക്രട്ടറിയുടെ അഡ്രസ്സ് സീൽ എന്നിവ ഉപയോഗിച്ച് പഞ്ചായത്ത് സെക്രട്ടറിയുടെ അറിവോ സമ്മതമോ പഞ്ചായത്തിന്റെ തീരുമാനങ്ങളോ ഇല്ലാതെ പഞ്ചായത്ത് സെക്രട്ടറിയുടെ ഒപ്പ് വ്യാജമായി രേഖപ്പെടുത്തി വ്യാജ രേഖകൾ ചമച്ച് ആലപ്പുഴ ജില്ലാ കളക്ടർക്കും, ചെങ്ങന്നൂർ ആർ.ഡി.ഒ യ്ക്കും, കെ.എസ്.ഇ.ബി ഓഫീസിലും സമർപ്പിച്ച പരാതിയിൽ പരാമർശം - (2) പ്രകാരം കൊല്ലം, റീജിയണൽ പെർഫോർമൻസ് ഓഡിറ്റ് വിഭാഗം അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ വ്യാജരേഖ ചമച്ച് തല്പരകക്ഷികൾ അവർക്ക് ആവശ്യമായ അനുമതികൾ സമ്പാദിച്ചുവെന്നത് വ്യക്തമാക്കിയിരുന്നു.

2. മേൽ റിപ്പോർട്ടിലെ നിർദ്ദേശങ്ങളെ തുടർന്ന് പരാമർശം-(3) പ്രകാരം വ്യാജരേഖ ചമയ്ക്കൽ നടന്നിട്ടുണ്ട് എന്ന് പെർഫോമൻസ് ഓഡിറ്റ് അന്വേഷണത്തിൽ വെളിപ്പെട്ടിട്ടുള്ളതിനാലും പരാതിയിലെ എതിർ കക്ഷികൾ ജനപ്രതിനിധികൾ ആയതിനാലും ടി പരാതിയിന്മേൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ബഹു. ഓംബുഡ്സ്മാൻ മുഖേന അന്വേഷണം നടത്തുന്നത് ഉചിതമായിരിക്കുമെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പുലിയൂർ ഗ്രാമപഞ്ചായത്ത് മുൻപ്രസിഡന്റ് ശ്രീമതി. രേഖാ റെജി, മുൻവാർഡ് അംഗം അഡ്വ.പി.ഡി.സന്തോഷ് കുമാർ എന്നിവർക്കെതിരായ പരാതി 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 271ജെ പ്രകാരം, ബഹു.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെലീന.എ
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ്, പാളയം, തിരുവനന്തപുരം.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ[LSGD-EM2/122/2014-LSGD].

ഉത്തരവിൻ പ്രകാരം

Signed by
Vijayakumar D
സെക്ഷൻ ഓഫീസർ
Date: 22-10-2024 14:06:49

പകർപ്പ് : ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്.

സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ യ്ക്ക്.